# സർക്കുലർ നമ്പർ 28/76

നമ്പർ ജി(3) 16018/75 1976 മെയ് 11

വിഷയം : സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക്
മെഡിക്കൽ അലവൻസ് നൽകുന്നത് സംബന്ധിച്ച്.

സൂചന : രജിസ്ട്രാറുടെ 15.1.1975 ലെ 8/75-ാം നമ്പർ സർക്കുലർ

സഹകരണ സംഘം ജീവനക്കാർക്ക് മെഡിക്കൽ അലവൻസ് നൽകുന്നതിനെ സംബന്ധിച്ച് ചില വ്യവസ്ഥകൾ മുകളിൽ സൂചിപ്പിച്ചിരിക്കുന്ന സർക്കുലറിൽ നിശ്ചയിച്ചിട്ടുണ്ട്. അവ നടപ്പിലാക്കുന്നതിന് ചില സഹകരണസ്ഥാപനങ്ങളും ഡെപ്യൂട്ടി രജിസ്ട്രാർമാരും കൂടുതൽ വിശദീകരണം ആവശ്യപ്പെട്ടിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ മേൽപറഞ്ഞ വ്യവസ്ഥകൾ പരിശോധിക്കുകയും ചിലഭേദഗതികളോടെ ചുവടെ പറയുന്ന വ്യവസ്ഥകൾ ഏർപ്പെടുത്തുകയും ചെയ്യുന്നു.

1. സഹകരണ സംഘം ജീവനക്കാർക്ക് കലണ്ടർ വർഷം കണക്കാക്കി മെഡിക്കൽ അലവൻസ് നൽകേണ്ടതാണ്.
2. ഓരോ വർഷത്തെയും മെഡിക്കൽ അലവൻസ് തൻവർഷം കഴിഞ്ഞ് അടുത്ത വർഷം ആദ്യദിവസത്തിലോ തുടർന്നുള്ള ദിവസങ്ങളിലോ നൽകേണ്ടതാണ്.
3. ഒരു വർഷം സർവ്വീസ് ഇല്ലാത്ത ജീവനക്കാർക്ക് ആനുപാതികമായി മെഡിക്കൽ അലവൻസ് നൽകേണ്ടതാണ്.
4. ആനുപാതികമായി മെഡിക്കൽ അലവൻസ് കണക്കാക്കുമ്പോൾ ചില്ലറയായി വരുന്ന തുകടെ അടുത്ത പൂർണ്ണരൂപമായി കണക്കാക്കേണ്ടതാണ്.

**ടി. എൻ. ജയചന്ദ്രൻ**
സഹകരണ സംഘം രജിസ്ട്രാർ